## നിയമസഭാ പരിസ്ഥിതി സമിതിയ്ക്ക് മുൻപാകെ

തൃശ്ശൂർ ജില്ലയിലെ പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ക്രിയാത്മക നിർദ്ദേശങ്ങൾ സ്വരൂപിക്കുന്നതിനായി നിയമസഭാ പരിസ്ഥിതി കമ്മിറ്റി ആഗസ്റ്റ് 13ന് കളക്ടറേറ്റിൽ വച്ച് ജില്ലയിലെ പൊതുജനങ്ങളുടെയും ഉദ്യോഗസ്ഥൻമാരുടെയും യോഗം വിളിച്ച് ചേർത്തു. ജില്ലയിൽ ജനജീവിതത്തെ നേരിട്ട് ബാധിക്കുന്ന പല പ്രശ്നങ്ങളും യോഗത്തിൽ ഉയർന്നു വന്നു. വേഗത്തിൽ നടപടി കൈക്കൊള്ളേണ്ട നാളുകളായി തുടരുന്ന രണ്ട് പ്രശ്നങ്ങളാണ് ഗുരുവായൂർ നഗത്തിലെ ഹോട്ടലുകളിൽ നിന്നും ലോഡ്ജുകളിൽ നിന്നുമുള്ള മലമുൾപ്പെടെയുള്ള മാലിന്യങ്ങളാൽ മലിനീകരിക്കപ്പെട്ട ചക്കംകണ്ടം കായലിന്റെ പ്രശ്നവും ചാലക്കുടിപ്പുഴ മലിനമാക്കുന്ന പരിയാരം പഞ്ചായത്തിലെ ശ്രീ ശക്തി പേപ്പർ മില്ലിന്റെ പ്രശ്നവും. പരിസ്ഥിതി സമതിക്ക് മുൻപാകെ ഇവർ സമർപ്പിച്ച പരാതികളിൽ നിന്നും.

# ചാലക്കുടി പുഴയെ മലിനമാക്കി
# ശ്രീ ശക്തി പേപ്പർ മിൽ

ദേവസ്സി കരിപ്പായി

ഞങ്ങൾ പരിയാരം പഞ്ചായത്തിൽ കാഞ്ഞിരപ്പിള്ളി ശ്രീ ശക്തി പേപ്പർ മില്ലിന്റെ തൊട്ടടുത്ത പ്രദേശത്തെ താമസക്കാരാണ്. വൻതോതിൽ വിദേശങ്ങളിൽ നിന്ന് പേപ്പർ വേസ്റ്റ് ഇറക്കുമതി ചെയ്ത് വിപുലമായ തോതിൽ കടലാസു നിർമ്മാണം നടത്തുന്ന ഈ സ്ഥാപനം ചാലക്കുടി - ആനമല അതിരപ്പിള്ളി റൂട്ടിൽ മെയിൻ റോഡിൽ നിന്നും 300 മീറ്റർ തെക്കു മാറി ശ്രീ മഹാവിഷ്ണു ക്ഷേത്രത്തിനു സമീപം ചാലക്കുടി പുഴയോരത്തായി സ്ഥിതി ചെയ്യുന്നു. കമ്പനിയുടെ ഒരു അതിർത്തി മേലൂർ പഞ്ചായത്തുമായി കടവ് റോഡാണ്. വെറ്റിലപ്പാറ സ്കൂളിലേയ്ക്കും, കാഞ്ഞിരപ്പിള്ളി ക്ഷേത്രത്തിലേക്കും നിരവധി പേർ കടന്നുവരുന്ന വഴിയാണ്. കൊച്ചി രാജാവിന്റെ വേനൽക്കാല വസതിയും ഇവിടെയായിരുന്നു.

1996-ൽ പേപ്പർമിൽ പ്രവർത്തനം ആരംഭിച്ചതുമുതൽ ശരിയായ രീതിയിൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഫലപ്രദമായ നടപടികളൊന്നും കമ്പനി കൈക്കൊണ്ടില്ല. മേൽപ്പറഞ്ഞ സ്ഥാപനത്തിൽ നിന്നുള്ള മലിനജലം, ചാലക്കുടി പുഴയിലേക്കും പഞ്ചായത്ത് കടവ് റോഡിലേക്കും ഒഴുക്കി വിടുകയാണ്. ഖര, ദ്രവ, മാലിന്യങ്ങൾ പരിസരങ്ങളിൽ കുന്നുകൂട്ടിയിരിക്കുകയാണ്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ ദുർഗന്ധം വമിക്കുന്ന മാലിന്യങ്ങൾ കൊണ്ടുവന്നിടുന്നതുമൂലം വൃക്ഷങ്ങൾ ഉണങ്ങുകയും പുല്ലുകൾ കരിഞ്ഞുണങ്ങി നിൽക്കുന്നതും കാണാം. പകർച്ചവ്യാധികൾ പിടിപ്പെടാൻ പോലും ഇതു.കാരണമായേക്കാം.

അമ്പതോളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും 650 സ്വകാര്യ മോട്ടോറുകളും അതിരപ്പിള്ളി മുതൽ കൊടുങ്ങല്ലൂർ വരെ 30 ഓളം കുടിവെള്ള പദ്ധതികളും വെള്ളത്തിനായി നേരിട്ട് ആശ്രയിക്കുന്നത് ചാലക്കുടി പുഴയെ ആണെന്നിരിക്കെ പുഴയിലേക്ക് പേപ്പർ മിൽ മാലിന്യങ്ങൾ പുറംതള്ളുന്നതു മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് തീവ്രതയേറുന്നു. പേപ്പർ മില്ലിൽ നിന്നും വെറും 500 മീറ്റർ ദൂരം മാത്രമാണ് വാട്ടർ അതോറിറ്റിയുടെ പമ്പിംങ്ങ് സ്റ്റേഷനിലേക്കുള്ളത്. ആയതിനാൽ 378 പൊതുടാപ്പിലേക്കും 437 ഹൗസ് കണക്ഷനിലും വന്നെത്തുന്നത് മാലിന്യമുക്തമായ ജലമല്ലെന്നുറപ്പാണ്. പുഴയിലെ മത്സ്യം ചത്തുപൊന്തുന്നതും കടവു റോഡ് വഴി നടക്കുന്നവർക്കും കുളിക്കാനായി പുഴയിൽ ഇറങ്ങുന്നവർക്കും ചൊറിച്ചിലും മറ്റും ആരോഗ്യപ്രശ്നങ്ങളും നിത്യസംഭവമായിരിക്കുന്നു. മലിനജലം വെള്ളത്തിൽ കലരുന്നതുമൂലമോ പരിസരമലിനീകരണം മൂലമോ ആകാം. 8 മാസങ്ങൾക്ക് മുമ്പ് 20 ഓളം കുടുംബങ്ങളിൽ വയറിളക്കവും, ശർദ്ദിയും ഉണ്ടായിരുന്നു. ഇക്കാര്യങ്ങളെല്ലാം ബന്ധപ്പെട്ട അധികാരികളെ രേഖാമൂലവും പത്രവാർത്തകൾ മൂലവും അറിയിച്ചിട്ടുള്ളതാണ്. എന്നാൽ യാതൊരു വിധ നടപടിയും ഇന്നേവരെ ഉണ്ടായിട്ടില്ല.

ആയതുകൊണ്ട് സഞ്ചാരത്തിനും, ആരോഗ്യത്തിനും, ജീവനും, സ്വത്തിനും അപകടമുണ്ടാക്കുന്ന മാലിന്യങ്ങൾ പുഴയിലും പരിസര പ്രദേശങ്ങളിലും ഒഴുക്കാതെ കമ്പനിയുടെ സ്വന്തം ഉത്തരവാദിത്വത്തിൽ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം ഫലപ്രദമായി നടപ്പാക്കാൻ അധികാരികളുടെ ഭാഗത്തുനിന്നും വേണ്ട നടപടികൾ സ്വീകരിച്ച് ജനങ്ങളുടെ ആശങ്കയും ബുദ്ധിമുട്ടും മാറ്റി തരുവാൻ താഴ്മയായി അപേക്ഷിക്കുന്നു.

*കരിപ്പായി വീട്,*
*കാഞ്ഞിരപ്പിള്ളി പി ഒ, തൃശ്ശൂർ*

പ്രിയ കേരളീയം
വായനക്കാരാ/രി,
വരിസംഖ്യ
**240/- രൂപ,**
അയച്ചുതന്ന് സഹകരിക്കുമല്ലോ.
കേരളീയം, കൊക്കാലെ, തൃശൂർ-21.
ഫോൺ : 9446576943, 9446586943,
0487-2421385